പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം :2422 — 14.06. 2019 ൽ മറുപടിക്ക്

## വൈദ്യുതി ബോർഡ് നേരിടുന്ന സാമ്പത്തിക പ്രതിസന്ധി

**ചോദ്യം**

ശ്രീ.ഷാഫി പറമ്പിൽ

**ഉത്തരം**

ശ്രീ.എം.എം.മണി

(വൈദ്യുതി വകുപ്പ് മന്ത്രി)

| ചോദ്യം | ഉത്തരം |
|---|---|
| (എ) വൈദ്യുതി ബോർഡ് നിലവിൽ കനത്ത സാമ്പത്തിക പ്രതിസന്ധിയിലാണ് എന്നത് വസ്തുതയാണോ; എങ്കിൽ അതിനുള്ള കാരണങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കമോ; | (എ) വൈദ്യുതി വാങ്ങുന്നതിനും, മറ്റാവശ്യങ്ങൾക്കുമുള്ള ചെലവുകൾക്കനുസൃതമായുള്ള താരിഫ് ലഭിക്കാത്തതിനാൽ നഷ്ടത്തിൽ പ്രവർത്തിക്കുന്ന കെ.എസ്.ഇ.ബോർഡ് ബാങ്കുകളിൽനിന്നും മറ്റ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും ഹ്രസ്വ-ദീർഘകാല വായ്പകൾ ലഭ്യമാക്കിയാണ് പ്രവർത്തന ചെലവും മൂലധന ചെലവും നടത്തുന്നത്.<br>ബാങ്കുകളിൽ നിന്നും പുതിയ വായ്പകൾ ലഭ്യമാക്കാതിരിക്കുകയോ വായ്പാപരിധി കുറയ്ക്കുകയോ ചെയ്യുന്ന അവസരങ്ങളിൽ സാമ്പത്തിക പ്രതിസന്ധി അനുഭവപ്പെടുന്നുണ്ട്. |
| (ബി) പ്രതിസന്ധി മറികടക്കുന്നതിന് ബോർഡ് ഇതിനകം എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; അത് വിജയപ്രദമാണോ; | (ബി) ഇപ്പോഴത്തെ പ്രതിസന്ധി മറികടക്കുന്നതിന് ബോർഡ് സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു.<br>(i) മിതമായ നിലയിൽ ഹ്രസ്വ-ദീർഘകാലാടിസ്ഥാനത്തിലുള്ള കരാറുകൾ വഴി വൈദ്യുതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.<br>(ii) കെ.എസ്.ഇ.ബി – യുടെ വിവിധശീർഷകങ്ങളിലുള്ള ചെലവുകൾ പരമാവധി കുറച്ചും വൈദ്യുതി ചാർജ്ജ് കുടിശ്ശിക പരമാവധി പിരിച്ചെടുത്തും വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br>(iii) ദീർഘകാലാടിസ്ഥാനത്തിലുള്ള വായ്പകൾ ലഭ്യമാക്കുന്നതിനായി നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ കൂടിയ നിരക്കിലുള്ള വായ്പകൾ തിരിച്ചടച്ച് കുറഞ്ഞനിരക്കിലുള്ള വായ്പകൾ ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br>പ്രസ്തുതനടപടികളെല്ലാം തന്നെ വിജയപ്രദമായിട്ടാണ് അനുഭവപ്പെട്ടന്നപ്പെടുന്നത്. ഈ പ്രവർത്തനങ്ങൾമൂലം കെ.എസ്.ഇ. ബി – യുടെ നഷ്ടം പ്രതിവർഷം കുറഞ്ഞു വരുന്നതായാണ് കാണുന്നത്. |
| (സി) സംസ്ഥാനത്ത് അനുഭവപ്പെടുന്ന കനത്ത ചൂട് മൂലം ഊർജ്ജ ഉപഭോഗത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിനായി പുറത്ത് നിന്നും കൂടിയ വിലയ്ക്ക് വൈദ്യുതി വാങ്ങേണ്ട സാഹചര്യം വന്നിട്ടുണ്ടോ;<br>(ഡി) ഇത് നിലവിലുള്ള സാമ്പത്തിക പ്രതിസന്ധി കൂടുതൽ രൂക്ഷമാക്കിയിട്ടുണ്ടോ; | (സി&ഡി) സംസ്ഥാനത്ത് ഈ വേനൽക്കാലത്ത് അനുഭവപ്പെടുന്ന കനത്ത ചൂട് മൂലം ഊർജ്ജ ഉപഭോഗത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. അവയുടെ കണക്കുകൾ ഇപ്രകാരമാണ്. |

| വേനൽ മാസം | പീക്ക് ഉപഭോഗം (Mu) | ശരാശരി ഉപഭോഗം (Mu) |
|---|---|---|
| മാർച്ച് 2019 (28.03.2019) | 86.4039 | 80.1538 |
| ഏപ്രിൽ 2019 (13.04.2019) | 88.1029 | 80.9969 |
| മെയ് 2019 (23.05.2019) | 88.3386 | 82.5640 |

| | |
|---|---|
| | വർദ്ധിച്ച ഊർജ്ജ ഉപഭോഗം നേരിടുന്നതിന് ഫലപ്രദമായ ആസൂത്രണത്തിലൂടെ കൂടിയ വിലയ്ക്ക് വൈദ്യുതി വാങ്ങേണ്ട സാഹചര്യം ഒഴിവാക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്. പീക്ക് ലോഡ് സമയങ്ങളിൽ പവർ എക്സ്ചേഞ്ചിൽ നിന്നും വൈദ്യുതി വാങ്ങേണ്ടി വരുമ്പോൾ മറ്റ സമയങ്ങളിലേതിനെക്കാൾ വില വരുന്ന സാഹചര്യം ഉണ്ടാകാറുണ്ട്. എന്നാൽ ഇങ്ങനെയുള്ള വാങ്ങലുകൾ പരമാവധി പരിമിതപ്പെടുത്തുന്നതിന് കഴിയുന്നുണ്ട്. നിലവിൽ കേന്ദ്രവൈദ്യുത നിലയങ്ങളിൽ നിന്നും സംസ്ഥാനത്തിനു പുറത്തുള്ള സ്വതന്ത്ര ഉത്പാദകരിൽ നിന്ന് ദീർഘകാല കരാറടിസ്ഥാനത്തിലും, കേരളത്തിലുള്ള സ്വകാര്യ വൈദ്യുതി ഉത്പാദകരിൽ നിന്നും കരാറടിസ്ഥാനത്തിൽ വൈദ്യുതി വാങ്ങുന്നുണ്ട്. പുറമേ വിവിധ സംസ്ഥാനങ്ങളുമായി വൈദ്യുതി ബാങ്കിംഗ് സംവിധാനത്തിൽ ഏർപ്പെട്ട് കാലവർഷക്കാലത്തെ അധിക വൈദ്യുതി അവർക്ക് നൽകി ഈ വേനൽക്കാലത്ത് തിരികെ ലഭ്യമാക്കാൻ കഴിഞ്ഞു. പവർ എക്സ്ചേഞ്ചിൽ വില കുറവുള്ള സാഹചര്യങ്ങളിൽ വൈദ്യുതി വാങ്ങി ജലനിലയങ്ങളിലെ ഉല്പാദനം ക്രമീകരിച്ചും വേനൽക്കാലത്തെ അധിക ആവശ്യകത നിറവേറ്റാൻ സഹായകരമായിട്ടുണ്ട്. അതിനാൽ 2019-ലെ വർദ്ധിച്ച വൈദ്യുതി ആവശ്യകത നിറവേറ്റുന്നതിനായി ആസൂത്രണങ്ങളും മുന്നൊരുക്കങ്ങളും കരുതൽ നടപടികളും കെ.എസ്.ഇ.ബി.എൽ സ്വീകരിച്ചതിനാൽ കൂടിയ വിലയ്ക്ക് വൈദ്യുതി വാങ്ങേണ്ട സാഹചര്യം ഉണ്ടായിട്ടില്ല. ഇപ്രകാരമുള്ള ആസൂത്രണങ്ങളുടെ ഫലമായി വർദ്ധിച്ച വൈദ്യുതി ഉപഭോഗം കെ.എസ്.ഇ.ബി – യുടെ സാമ്പത്തിക സ്ഥിതിയെ ദോഷകരമായി ബാധിച്ചിട്ടില്ല. |
| (ഇ) സാമ്പത്തിക പ്രതിസന്ധി മറികടക്കുവാൻ ബോർഡിലെ, പി.എസ്.സി. വഴിയുള്ള നിയമനങ്ങൾ നിർത്തി-വയ്ക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതൊക്കെ തസ്തികക-ളിലേക്കുള്ള നിയമനമാണ് നിർ-ത്തിവച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | (ഇ) കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിൽ ഇപ്പോൾ യാതൊരുവിധ നിയമന നിരോധനവും ഇല്ല. എന്നാൽ കേന്ദ്ര ഇലക്ട്രിസിറ്റി അതോറിറ്റിയുടെ ചട്ടങ്ങൾ പ്രകാരം ചില തസ്തികകളിൽ നിർദ്ദിഷ്ട യോഗ്യതകൾ നിഷ്കർഷിച്ചിട്ടുണ്ട്. പ്രസ്തുത ചട്ടങ്ങൾ പാലിക്കാൻ കെ.എസ്.ഇ.ബി.എൽ ബാദ്ധ്യസ്ഥമായതിനാൽ ഇതു സംബന്ധിച്ച പുന:ക്രമീകരണങ്ങൾ പൂർത്തിയാക്കിയതിന് ശേഷം മാത്രമേ പ്രസ്തുത തസ്തികകളിൽ നിയമനങ്ങൾ സാധിക്കുകയുള്ളൂ. മറ്റെല്ലാ തസ്തികകളിലും പി.എസ്.സി മുഖാന്തിരം നിയമനങ്ങൾ നടന്നു വരുകയാണ്. |

സെക്ഷൻ ഓഫീസർ